**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org

No. A9. 13749/15 Dated: 25/06/18

# പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ സൂക്ഷിച്ചിട്ടുള്ളതും ഉപയോഗശൂന്യമായതും കേടിനത്തിലും ഉൾപ്പെട്ടതായ ഓട്,ചെമ്പ്,പിച്ചള ഉരുപ്പടികൾ ലേലം ചെയ്യുന്നതിനും ടെണ്ടർ സ്വീകരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഗ്രൂപ്പിലെയും ഉരുപ്പടികൾ അതാത് ഗ്രൂപ്പുകളിൽ വ്യത്യസ്ത തിയ്യതികളിൽ ലേലം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്.

കൊടുങ്ങല്ലൂർ ദേവസ്വത്തിൽ ഏകദേശം 7247Kg. ഓട്, 220Kg. ചെമ്പ്, 548Kg. പിച്ചള, 575Kg ഇരുമ്പ്, എന്നിവയും ചോറ്റാനിക്കര ദേവസ്വത്തിൽ ഏകദേശം 3930Kg ഓട്, 374 Kg. ചെമ്പ്, 208 Kg. പിച്ചള, എന്നിവയും തൃപ്രയാർ ക്ഷേത്രത്തിൽ ഏകദേശം ഓട് 2000 Kg, ചെമ്പ് 10 Kg,പിച്ചള 17 Kg, രവിപുരം ക്ഷേത്രത്തിൽ ഓട് 1530 Kg, ചെമ്പ് 73 Kg പിച്ചള 61 Kg. എന്നിവയും ലേലം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതാണ്.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 25000/-രൂപ നിരതദ്രവ്യമായി കെട്ടി വെക്കേണ്ടതാണ്. ലേലം കൊണ്ട വ്യക്തി ഒഴികെ മറ്റു വ്യക്തികൾ നിരതദ്രവ്യം സംഖ്യ ലേല നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ മടക്കി നൽകുന്നതാണ്.

താഴെ പറയുന്ന തിയ്യതികളിലും സ്ഥലത്തും വെച്ച് ലേലങ്ങൾ നടക്കുന്നതായിരിക്കും.

| ഗ്രൂപ്പ് | | ലേലം നടത്തുന്നസ്ഥലം | തിയ്യതി | സമയം |
|---|---|---|---|---|
| 1. | തിരുവഞ്ചിക്കുളം ഗ്രൂപ്പ് | ശ്രീ കുരുംബ ഭഗവതി ക്ഷേത്രം | 06/07/18 | 11 AM |
| 2. | തൃശ്ശൂർ ഗ്രൂപ്പ് | തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം | 07/07/18 | 11 AM |
| 3. | തൃപ്പൂണിത്തുറ ഗ്രൂപ്പ് | രവിപുരം ക്ഷേത്രം | 12/07/18 | 11 AM |
| 4. | ചോറ്റാനിക്കര ഗ്രൂപ്പ് | ചോറ്റാനിക്കര ഭഗവതി ക്ഷേത്രം | 16/07/18 | 11 AM |
| 5. | തിരുവഞ്ചിക്കുളംഗ്രൂപ്പ് | കൊച്ചിൻ ദേവസ്വം ബോർഡ് | 02/08/18 | 11 AM |
| 6. | തൃശ്ശൂർ ഗ്രൂപ്പ് | കൊച്ചിൻ ദേവസ്വം ബോർഡ് | 31/08/18 | 11AM |
| 7. | തിരുവില്വാമല ഗ്രൂപ്പ് | കൊച്ചിൻ ദേവസ്വം ബോർഡ് | 19/09/18 | 11AM |
| 8. | തൃപ്പൂണിത്തുറ ഗ്രൂപ്പ് | കൊച്ചിൻ ദേവസ്വം ബോർഡ് | 04/10/18 | 11AM |

ലേലം ചെയ്യുന്ന വ്യക്തി ഉരുപ്പടികൾ തൂക്കം നോക്കി ബോധ്യപ്പെട്ട് നിയമാനുസൃതമായ നികുതികൾ അടക്കം സംഖ്യ മുഴുവനായും ദേവസ്വത്തിലടച്ച് കൊച്ചിൻ ദേവസ്വം ബോർഡ് ഉത്തരവ് ലഭിക്കുന്ന മുറക്ക് ഉരുപടികൾ സ്വന്തം ഉത്തരവാദിത്വത്തിൽ കൊണ്ടുപോകേണ്ടതാണ്. ടെണ്ടറുകൾ ലേലദിവസം ലേലത്തിന് 1/2 മണിക്കൂർ മുമ്പ് അതാതു സ്ഥലങ്ങളിൽ മാത്രം സ്വീകരിക്കുന്നതാണ് അല്ലാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ലേലം ഉറപ്പിച്ച ശേഷം ടെണ്ടർ തുറന്ന് പരിശോധിക്കുന്നതും ലേല സംഖ്യയേക്കാൾ കൂടുതൽ നിരക്ക് ടെണ്ടറിൽ രേഖപ്പെടുത്തി കാണുന്നപക്ഷം കൂടുതൽ തുക രേഖപ്പെടുത്തിയ വ്യക്തിക്ക്/സ്ഥാപനത്തിന് കൊച്ചിൻ ദേവസ്വം ബോർഡ് അംഗീകാരം ലഭിക്കുന്ന മുറക്ക് ലേലം ഉറപ്പിച്ച ഉത്തരവ് നൽകുന്നതാണ്. ടെണ്ടർ സമർപ്പിക്കുന്നവർ സ്പെഷൽ ദേവസ്വം കമ്മീഷണർ കൊച്ചിൻ ദേവസ്വം ബോർഡ് തൃശ്ശൂർ എന്ന പേരിൽ തൃശ്ശൂരിൽ മാറാവുന്ന 25000/-രൂപയുടെ DD നിരതദ്രവ്യമായി അടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യം അടക്കം ചെയ്യാത്ത ടെണ്ടർ നിരസിക്കുന്നതാണ്. ലേലം/ടെണ്ടർ സംഖ്യ ദേവസ്വത്തിന് ഗുണകരമല്ലാത്ത സാഹചര്യത്തിൽ ലേല നടപടികൾ പൂർണമായും റദ് ചെയ്യാനും,മറ്റു യുക്തമായ തീരുമാനം എടുക്കാനുമുള്ള അധികാരം താഴെ ഒപ്പ് വെക്കുന്ന മേലാധികാരിയിൽ നിക്ഷിപ്തമായിരിക്കും. ലേലം/ടെണ്ടർ നടപടികൾ ഓരൊ ഇനത്തിനും ഒരു കിലോവിനുള്ള നിരക്ക് എന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ ലേലത്തെകുറിച്ച് കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

മേൽപറഞ്ഞ ഉരുപ്പടികൾ ലേലത്തിന് 3 ദിവസം മുമ്പ് അതാത് സ്ഥലങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ**